പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 183 27-10-2026-ൽ മറുപടിയ്ക്ക്

തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപം പുതിയ വ്യവസായ കേന്ദ്രങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കിൻഫ്ര, ഇൻകെൽ എന്നീ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപമായി പുതിയ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഉണ്ട്.

കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം ഇൻറർനാഷണൽ എയർപോർട്ടുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കയറ്റുമതി വ്യവസായം പ്രോത്സാഹിപ്പിക്കുവാനും അതിനോടൊപ്പം നിലവിലുള്ള വ്യവസായങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പുതിയ വ്യവസായ സോണുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി അനുയോജ്യമായ സ്ഥലങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര, ഇൻകൽ എന്നിവ വഴി ആരംഭിച്ചിട്ടുണ്ട്. ഇതിനായി സർവ്വേ നടപടികൾ ധ്രുതഗതിയിൽ പൂർത്തിയാക്കി ഇൻഡസ്ട്രിയൽ സോൺ വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കിൻഫ്ര ഇതിനകം തന്നെ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കണ്ണൂർ വിമാനത്താവളത്തിനു സമീപം കിൻഫ്ര ഏറ്റെടുത്തിട്ടുള്ള 475 ഏക്കർ ഭൂമി കേന്ദ്ര സർക്കാരിന്റെ ഭാരത് ഔദ്യോഗിക് വികാസ് യോജന (BHAVYA) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനോടൊപ്പം, കണ്ണൂർ ജില്ലയിലെ പനയത്താംപറമ്പിലുള്ള 447 ഏക്കർ ഭൂമിയിൽ വ്യവസായ കേന്ദ്രം

സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൊച്ചി വിമാനത്താവളത്തിന് സമീപമുള്ള അയ്യമ്പുഴയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. കൊച്ചി- ബാംഗ്ലൂർ ദേശീയ വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് 1700 ഏക്കർ ഭൂമിയിൽ മാനുഫാക്ചറിംഗ് സിറ്റിക്കായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടും വിമാനത്താവളങ്ങളുടെ പരിസരത്തും വലിയ തോതിൽ സംരംഭങ്ങൾ തുടങ്ങുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനു വേണ്ടി ഇൻകെൽ താൽപര്യപത്രം ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും സമീപപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ പാർക്കുകളും സംരംഭക കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

<u>മറുപടി:</u> വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ സാധ്യതകൾ വ്യാവസായിക വികസനത്തിന് ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി, കയറ്റുമതി–ഇറക്കുമതി ചരക്കുകളുടെ കൈകാര്യം ചെയ്യലിനും അനുബന്ധ ലോജിസ്റ്റിക്സ് സേവനങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധികഭൂമിയിൽ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, എംപ്റ്റി കണ്ടെയ്നർ യാർഡ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റ് മുൻനിര സംസ്ഥാനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ ആകർഷകമായ ഇൻസെന്റീവ് പാക്കേജുകൾ നല്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഐ.ടി അധിഷ്ഠിത വ്യവസായങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണം, ചരക്കുനീക്ക അനുബന്ധ വ്യവസായങ്ങൾ, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിന് പ്രസ്തുത വ്യവസായ കേന്ദ്രങ്ങൾ സഹായകമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) പുതിയ വ്യവസായ കേന്ദ്രങ്ങളിൽ സംരംഭകർക്ക് ഭൂമി, വൈദ്യുതി, ജലം, റോഡ് സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: വ്യവസായ വകുപ്പ് മുഖേന വികസിപ്പിക്കുന്ന പുതിയ വ്യവസായ കേന്ദ്രങ്ങളിൽ സംരംഭകർക്ക് വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി അനുവദിക്കുന്നതിനൊപ്പം വൈദ്യുതി, ജലം, റോഡ് സൗകര്യം, ഡ്രെയിനേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്.ഏറ്റവും ആധുനീകമായ പ്ലഗ് ആന്റ് പ്ലേ അടിസ്ഥാന സൗകര്യം വിവിധ വ്യവസായ പാർക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) കിൻഫ്രയുടെയും ഇൻകെലിന്റെയും നേതൃത്വത്തിൽ ഇത്തരം വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിലൂടെ കൂടുതൽ ആഭ്യന്തര -വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മറുപടി: ഉണ്ട്.

കിൻഫ്രയുടെ നേതൃത്വത്തിൽ ഇത്തരം വ്യവസായ കേന്ദ്രങ്ങൾ അനുമതി ലഭിച്ചു പൂർത്തീകരിക്കുന്നതോടെ വിവിധ മേഖലകളിലായി കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ